എ.വൈ.ആർ

## സൂറഃ-9

# അത്തൗബ

وَمَا مَنَعَهُمْ أَن تُقْبَلَ مِنْهُمْ نَفَقَـٰتُهُمْ إِلَّآ أَنَّهُمْ كَفَرُوا۟ بِٱللَّهِ وَبِرَسُولِهِۦ وَلَا
يَأْتُونَ ٱلصَّلَوٰةَ إِلَّا وَهُمْ كُسَالَىٰ وَلَا يُنفِقُونَ إِلَّا وَهُمْ كَـٰرِهُونَ ﴿٥٤﴾

54. അവരുടെ ദാനങ്ങൾ സ്വീകരിക്കപ്പെടുന്നതിനുള്ള തടസ്സം അല്ലാഹുവിലും അവന്റെ ദൂതനിലും അവർ വിശ്വസിച്ചിട്ടില്ല എന്നതുതന്നെയാകുന്നു. മടുപ്പോടെയല്ലാതെ അവർ നമസ്കാരത്തിനെത്തുന്നില്ല. വെറുപ്പോടെയല്ലാതെ ദാനം ചെയ്യുന്നുമില്ല.

فَلَا تُعْجِبْكَ أَمْوَٰلُهُمْ وَلَآ أَوْلَـٰدُهُمْ ۚ إِنَّمَا يُرِيدُ ٱللَّهُ
لِيُعَذِّبَهُم بِهَا فِى ٱلْحَيَوٰةِ ٱلدُّنْيَا وَتَزْهَقَ أَنفُسُهُمْ وَهُمْ كَـٰفِرُونَ
﴿٥٥﴾

55. അവരുടെ മുതലും മക്കളും നിന്നെ കൗതുകപ്പെടുത്തേണ്ട. അവ മുഖേന ഭൗതികജീവിതത്തിൽ തന്നെ അവരെ ശിക്ഷിക്കണമെന്നും അവിശ്വാസികളായിത്തന്നെ അവർ ജീവൻ വെടിയണമെന്നുമത്രെ അല്ലാഹു ഉദ്ദേശിക്കുന്നത്.

وَيَحْلِفُونَ بِٱللَّهِ إِنَّهُمْ لَمِنكُمْ وَمَا هُم مِّنكُمْ وَلَـٰكِنَّهُمْ
قَوْمٌ يَفْرَقُونَ ﴿٥٦﴾

56. 'ഞങ്ങൾ നിങ്ങളിൽ പെട്ടവർ തന്നെ' എന്നവർ അല്ലാഹുവിനെപ്പിടിച്ചാണയിടുന്നു. എന്നാൽ അവരോ, ഒരിക്കലും നിങ്ങളിൽ പെട്ടവരല്ല. വാസ്തവത്തിൽ അവർ ഭീതിതരായ ജനമാകുന്നു.

لَوْ يَجِدُونَ مَلْجَـًٔا أَوْ مَغَـٰرَٰتٍ أَوْ مُدَّخَلًا لَّوَلَّوْا۟ إِلَيْهِ وَهُمْ يَجْمَحُونَ
﴿٥٧﴾

57. വല്ല അഭയസ്ഥാനമോ ഗുഹയോ ഒളിടിയമോ കണ്ടെത്തുകയാണെങ്കിൽ അവർ പിന്തിരിഞ്ഞ് അങ്ങോട്ട് കുതിക്കുമായിരുന്നു.

وَمِنْهُم مَّن يَلْمِزُكَ فِى ٱلصَّدَقَـٰتِ فَإِنْ أُعْطُوا۟ مِنْهَا رَضُوا۟ وَإِن
لَّمْ يُعْطَوْا۟ مِنْهَآ إِذَا هُمْ يَسْخَطُونَ ﴿٥٨﴾

58. അക്കൂട്ടത്തിൽ ചിലർ ധർമമുതലുകളുടെ വിതരണത്തിൽ നിന്നെ വിമർശിക്കുന്നുണ്ട്. അതിൽനിന്ന് വല്ലതും ലഭിച്ചാൽ അവർ സന്തുഷ്ടരാകും. ലഭിക്കുന്നില്ലെങ്കിലോ അവരതാ രോഷാകുലരാകുന്നു.

وَلَوْ أَنَّهُمْ رَضُوا۟ مَآ ءَاتَىٰهُمُ ٱللَّهُ وَرَسُولُهُۥ وَقَالُوا۟ حَسْبُنَا ٱللَّهُ سَيُؤْتِينَا
ٱللَّهُ مِن فَضْلِهِۦ وَرَسُولُهُۥٓ إِنَّآ إِلَى ٱللَّهِ رَٰغِبُونَ ﴿٥٩﴾

59. അല്ലാഹുവും ദൂതനും നൽകിയതുകൊണ്ട് തൃപ്തിപ്പെട്ട് അവർ ഇങ്ങനെ പറഞ്ഞിരുന്നെങ്കിൽ എത്ര നന്നായിരുന്നു: ഞങ്ങൾക്ക് അല്ലാഹു മതി. അല്ലാഹു അവന്റെ അനുഗ്രഹം ഇനിയും ഏറെ ഞങ്ങൾക്കു നൽകിക്കൊണ്ടിരിക്കും, അവന്റെ ദൂതനും. അല്ലാഹുവിൽ മാത്രം ആശയർപ്പിച്ചവരാണ് ഞങ്ങൾ.

وَمَا مَنَعَهُمْ = അവരെ തടഞ്ഞിട്ടില്ല (തടസ്സം) أَن تُقْبَلَ = സ്വീകരിക്കപ്പെടുന്നതിന്(ഉള്ള)
مِنْهُمْ = അവരിൽനിന്ന് نَفَقَـٰتُهُمْ = അവരുടെ ചെലവഴിക്കലുകൾ (ദാനം)
إِلَّآ أَنَّهُمْ كَفَرُوا۟ = അവർ നിഷേധിച്ചതല്ലാതെ (വിശ്വസിച്ചിട്ടില്ല എന്നതുതന്നെയാകുന്നു) بِٱللَّهِ = അല്ലാഹുവിൽ
وَبِرَسُولِهِۦ = അവന്റെ ദൂതനിലും وَلَا يَأْتُونَ = അവർ വരു(എത്തു)ന്നില്ല ٱلصَّلَوٰةَ = നമസ്കാരത്തിന്
إِلَّا وَهُمْ = അവർ ആയ നിലയിലല്ലാതെ كُسَالَىٰ = മടിയന്മാർ (മടുപ്പോടെ) وَلَا يُنفِقُونَ = അവർ ചെലവഴിക്കു(ദാനം ചെയ്യു)ന്നില്ല
إِلَّا وَهُمْ = അവർ ആയ നിലയിലല്ലാതെ كَـٰرِهُونَ = വെറുക്കുന്നവർ (വെറുപ്പോടെ)

فَلَا تُعْجِبْكَ = അതിനാൽ നിന്നെ കൗതുകപ്പെടുത്തേണ്ട  أَمْوَٰلُهُمْ = അവരുടെ മുതലുകൾ  وَلَآ أَوْلَـٰدُهُمْ = അവരുടെ മക്കളും
إِنَّمَا يُرِيدُ ٱللَّهُ = (ആ)അല്ലാഹു ഉദ്ദേശിക്കുന്നു(ന്നത്)  لِيُعَذِّبَهُم = അവരെ ശിക്ഷിക്കാനാകുന്നു  بِهَا = അതു മുഖേന
فِى ٱلْحَيَوٰةِ ٱلدُّنْيَا = ഐഹിക ജീവിതത്തിൽ  وَتَزْهَقَ أَنفُسُهُمْ = അവരുടെ ജീവൻ പുറപ്പെട(വെടിയ)ണമെന്നും തന്നെയാകുന്നു
وَهُمْ كَـٰفِرُونَ = അവർ അവിശ്വാസികളായ(കളായിരിക്കെതന്നെ) നിലയിൽ  وَيَحْلِفُونَ = അവർ സത്യം ചെയ്യുന്നു, ആണയിടുന്നു
بِٱللَّهِ = അല്ലാഹുവിനെ പിടിച്ച്  إِنَّهُمْ = എന്തെന്നാൽ അവർ  لَمِنكُمْ = നിങ്ങളിൽ പെട്ടവർതന്നെയാണെന്ന്
وَمَا هُم = എന്നാൽ അവരോ (ഒരിക്കലും) അല്ല  مِّنكُمْ = നിങ്ങളിൽ പെട്ടവർ  وَلَـٰكِنَّهُمْ = (വാസ്തവത്തിൽ) അവർ പക്ഷേ
قَوْمٌ = ജനമാകുന്നു  يَفْرَقُونَ = ഭയപ്പെടുന്ന, ഭീതിരായ  لَوْ يَجِدُونَ = അവർ കാണുകയാണെങ്കിൽ
مَلْجَـًٔا = ഒരു (വല്ല) അഭയസ്ഥാനമോ  أَوْ مَغَـٰرَٰتٍ = അല്ലെങ്കിൽ ഗുഹയോ  أَوْ مُدَّخَلًا = അല്ലെങ്കിൽ ഒളിയിടമോ
لَّوَلَّوْا۟ = അവർ പിന്തിരിഞ്ഞു  إِلَيْهِ = അങ്ങോട്ട്  وَهُمْ يَجْمَحُونَ = അവർ അതിവേഗം ഓടുന്നവരായി (കുതിക്കുമായിരുന്നു)
وَمِنْهُم مَّن = അക്കൂട്ടത്തിൽ ചിലർ  يَلْمِزُكَ = നിന്നെ വിമർശിക്കുന്നു, കുത്തിപ്പറയുന്നു
فِى ٱلصَّدَقَـٰتِ = ദാനങ്ങളിൽ (ധർമമുതലുകളുടെ വിതരണത്തിൽ)  فَإِنْ أُعْطُوا۟ = അവർക്ക് ലഭിച്ചാൽ  مِنْهَا = അതിൽനിന്ന്
رَضُوا۟ = (അവർ തൃപ്തിപ്പെട്ടു (സന്തുഷ്ടരായി)  وَإِن لَّمْ يُعْطَوْا۟ = അവർക്ക് ലഭിക്കുന്നില്ലെങ്കിലോ  مِنْهَآ = അതിൽനിന്ന്
إِذَا هُمْ = അവരതാ  يَسْخَطُونَ = വെറുപ്പുള്ളവർ, രോഷാകുലരാകുന്നു
وَلَوْ أَنَّهُمْ رَضُوا۟ = അവർ തൃപ്തിപ്പെ(ടുകയും)ട്ടിരുന്നുവെങ്കിൽ എത്ര നന്നായിരുന്നു
مَآ ءَاتَىٰهُمُ ٱللَّهُ وَرَسُولُهُۥ = (അല്ലാഹുവും അവന്റെ ദൂതനും നൽകിയത്(തിൽ)  وَقَالُوا۟ = പറയുകയും ചെയ്തിരുന്നുവെങ്കിൽ
حَسْبُنَا ٱللَّهُ = ഞങ്ങൾക്ക് അല്ലാഹു മതി  سَيُؤْتِينَا ٱللَّهُ = അല്ലഹു ഞങ്ങൾക്ക് (ഇനിയും ഏറെ) നൽകിക്കൊണ്ടിരിക്കും
مِن فَضْلِهِۦ = അവന്റെ അനുഗ്രഹത്തിൽനിന്ന്  وَرَسُولُهُۥٓ = അവന്റെ ദൂതനും  إِنَّآ إِلَى ٱللَّهِ = ഞങ്ങൾ അല്ലാഹുവിലേക്ക് മാത്രം
رَٰغِبُونَ = ആശയർപ്പിച്ചവരാകുന്നു

**54:** മുൻ സൂക്തത്തിലെ إِنَّكُمْ كُنتُمْ قَوْمًا فَـٰسِقِينَ (നിങ്ങൾ പാപികളായിരിക്കുന്നു) എന്ന പ്രസ്താവനയുടെ വിശദീകരണമാണിത്. മൂന്നുതരം പാപം ഇവിടെ പരാമർശിച്ചിരിക്കുന്നു. ഈ മൂന്നു പാപങ്ങൾ തന്നെയാണ് അവരുടെ ദാനധർമങ്ങൾ അല്ലാഹുവിങ്കൽ അസ്വീകാര്യമാക്കുന്നതും. അല്ലാഹുവിലും അവന്റെ ദൂതനിലുമുള്ള അവിശ്വാസമാണ് ഒന്നാമത്തെ കാരണം. ഇവിടെ അവിശ്വാസം (كفر) കൊണ്ട് വിവക്ഷിക്കുന്നത് തുറന്ന സത്യനിഷേധമല്ല. പുറമേക്ക് ഇക്കൂട്ടർ കലിമ ചൊല്ലുകയും വിശ്വാസം പ്രഖ്യാപിക്കുകയും മുസ്‌ലിം സമൂഹത്തിൽ അംഗമായതായി അവകാശപ്പെടുകയുമൊക്കെ ചെയ്യുന്നവരാണ്. പക്ഷേ അതൊക്കെ അവരുടെ വായിൽ മാത്രമേയുള്ളൂ; ഒന്നും ഹൃദയത്തിലേക്കിറങ്ങിയിട്ടില്ല. അല്ലാഹുവിലും റസൂലിലുമുള്ള വിശ്വാസവും കൂറും ഉള്ളിലേക്കിറങ്ങിയതാണെങ്കിൽ ആ വിശ്വാസത്തിന്റെ താൽപര്യങ്ങൾ നിറവേറ്റാൻ അവർ ആവേശപൂർവം മുന്നോട്ടുവരുമായിരുന്നു. ഈ സമുദായത്തിൽനിന്ന് പുറത്താക്കപ്പെടുമെന്ന് ഭയന്ന് നിർബന്ധിതരായി ചെയ്യുന്നതായിരിക്കില്ല അവരുടെ കർമങ്ങളൊന്നും. സ്വമേധയാ ചെയ്യുകയാണെങ്കിൽ അതു കേവലം പദവിയും പ്രസിദ്ധിയും കാംക്ഷിച്ചുകൊണ്ടായിരിക്കുകയുമില്ല. അല്ലാഹുവിന്റെ പ്രീതിയായിരിക്കും യഥാർഥ വിശ്വാസികളുടെ ധനവ്യയങ്ങളുടെയും മറ്റു കർമങ്ങളുടെയും ലക്ഷ്യം. അല്ലാഹുവിന്റെ പ്രീതിക്കുവേണ്ടി ചെയ്യുന്ന കർമങ്ങളേ അല്ലാഹു സ്വീകരിക്കൂ.

ഇക്കൂട്ടരുടെ ദാനധർമങ്ങൾ അല്ലാഹു തിരസ്കരിക്കാനുള്ള രണ്ടാമത്തെ കാരണം ഒന്നാമത്തെ കാരണത്തിന്റെ അനിവാര്യതയാണ്. സത്യവിശ്വാസത്തിന്റെ ഏറ്റം പ്രകടമായ താൽപര്യവും ലക്ഷണവുമാണല്ലോ നമസ്കാരം. വിശ്വാസികളെല്ലാം മുറപോലെ നമസ്കരിക്കും. നമസ്കരിക്കാത്തവർ അവിശ്വാസികളായാണ് കണക്കാക്കപ്പെടുക. ഇസ്‌ലാമിനെയും കുഫ്‌റിനെയും വേർതിരിക്കുന്നത് നമസ്കാരമാണെന്ന് നബി(സ) പ്രസ്താവിച്ചിട്ടുണ്ട്. വിശ്വാസികളെല്ലാം നമസ്കരിക്കുന്നവരായിരിക്കുമെങ്കിലും നമസ്കരിക്കുന്നവരെല്ലാം യഥാർഥ വിശ്വാസികളാകണമെന്നില്ല. കപടവിശ്വാസികളും നമസ്കരിക്കും. എങ്കിലും യഥാർഥ വിശ്വാസികളുടെ നമസ്കാരവും കപടവിശ്വാസികളുടെ നമസ്കാരവും തമ്മിൽ വേർതിരിക്കുന്ന ചില ലക്ഷണങ്ങൾ ഉണ്ട്. അതിലൊന്നാണ് മടുപ്പോടെ നമസ്കരിക്കുക എന്നത്. യഥാർഥ വിശ്വാസി ബാങ്കുവിളി കേട്ടാൽ ഉടനെ നമസ്കാരത്തിന് തയാറാകുന്നു. പിന്നെ നമസ്കാരം കഴിയുന്നതുവരെ മറ്റൊന്നിലും വ്യാപൃതനാവാൻ സാധാരണഗതിയിൽ അയാൾക്കാവില്ല. അടുത്ത് ജമാഅത്ത് നടക്കുന്ന പള്ളിയുണ്ടെങ്കിൽ കൃത്യസമയത്തുതന്നെ ജമാഅത്തിനെത്തുന്നു. പക്ഷേ, വിശ്വാസം ഉപരിപ്ലവമാകുമ്പോൾ കർമങ്ങൾ പ്രകടനാത്മകമാകുന്നു. താനും വിശ്വാസിയാണ് എന്ന് മറ്റുള്ളവരെ ബോധ്യപ്പെടുത്താനായിരിക്കും അയാൾ നമസ്കാരാദി കർമങ്ങൾ ചെയ്യുന്നത്. ബാങ്ക് കേൾക്കുമ്പോൾ മുഷിപ്പ്. ആവർത്തിച്ചുള്ള നമസ്കാരങ്ങൾ ബോറ്. താൽപര്യപൂർവം ചെയ്തുകൊണ്ടിരിക്കുന്ന ജോലിയിൽ ഇടങ്കോൽ. വിനോദങ്ങൾക്കിടയിലെ രസം കൊല്ലി. പക്ഷേ വിശ്വാസികൾക്കിടയിൽ താൻ അംഗീകരിക്കപ്പെടാൻ ഇതൊക്കെ സഹിക്കുകയേ ഗതിയുള്ളൂ. അതുകൊണ്ട് മടിച്ച് മടിച്ച് ജമാഅത്തിന്റെ അവസാന നിമിഷത്തിൽ അയാളും എത്തുന്നു. അല്ലെങ്കിൽ സമയത്തിന്റെ അവസാന നിമിഷത്തിൽ കുത്തിമറിഞ്ഞ് നമസ്കരിച്ചെന്ന് വരുത്തുന്നു. ഓരോ മുസ്‌ലിമിനും തന്റെ നമസ്കാരം യഥാർഥ സത്യവിശ്വാസിയുടെ നമസ്കാരമാണോ അതല്ല കപടവിശ്വാസിയുടെ നമസ്കാരമാണോ എന്ന് സ്വയം പരിശോധിച്ചറിയാനുള്ള ഒരു

ഉരകല്ലാണീ സൂക്തം. കപട നമസ്കാരത്തെക്കുറിച്ച് ഇവിടെ പറഞ്ഞ കാര്യം നേരത്തേ സൂറ *അന്നിസാഅ്* 142,143 സൂക്തങ്ങളിൽ പ്രസ്താവിച്ചിട്ടുണ്ട്. *ഖുർആൻ ബോധനം* പ്രസ്തുത സൂക്തങ്ങൾക്ക് നൽകിയ വിശദീകരണം കാണുക.

كسل (മടുപ്പ്)നേക്കാൾ കടുത്ത വൈമനസ്യമായ كراهة (വെറുപ്പ്)ൽനിന്നുള്ള ബഹുവചന കർതൃപദമാണ് كارهون. കപടവിശ്വാസികൾക്ക് നമസ്കാരത്തോട് മടുപ്പാണെങ്കിൽ ധർമ വിഷയത്തിൽ ചെലവഴിക്കുന്നതിൽ വെറുപ്പാണുള്ളത്. ധർമത്തിന്റെ വിജയമോ ദൈവപ്രീതിയോ അല്ല, സാമൂഹിക ബഹിഷ്കരണത്തിൽനിന്ന് രക്ഷപ്പെടുകയും വിശ്വാസികളുടെ പ്രീതി നേടുകയുമാണവരുടെ ലക്ഷ്യം. ധർമവിഷയങ്ങളിൽ സംഭാവന ചോദിച്ചുവരുന്നവരെ പുറമെ പുഞ്ചിരിയോടെ സ്വാഗതം ചെയ്യുമ്പോൾ കപടന്മാർ അകമേ അവരെ ശപിക്കുകയായിരിക്കും. എല്ലാവർക്കും സ്വന്തം നിഷ്കളങ്കത(إخلاص)യും ലോകമാന്യമോഹ(رياء)വും അളക്കാനുള്ള ഒരു മാനദണ്ഡമാണിത്.

**55:** പ്രവാചകന്റെ കാലത്ത് മദീനയിലുണ്ടായിരുന്ന കപടവിശ്വാസികൾ പൊതുവിൽ സമ്പത്തും സന്തതികളും അധികമുള്ളവരായിരുന്നു. അവ തന്നെയായിരുന്നു അവരുടെ പ്രശസ്തിയുടെയും പ്രമാണിത്വത്തിന്റെയും ആധാരവും. ഇസ്ലാമിലേക്ക് പോയാലാണോ ജാഹിലിയ്യത്തിൽതന്നെ നിന്നാലാണോ തങ്ങളുടെ താൽപര്യം സംരക്ഷിക്കപ്പെടുക എന്നതായിരുന്നു അവരുടെ പ്രശ്നം. അതുതന്നെയാണ് അവരെ കപടന്മാരാക്കിയതും. മറുവശത്ത് നിഷ്കളങ്കരായ വിശ്വാസികളിൽ കൂടുതലുണ്ടായിരുന്നത് ദരിദ്രരും ആൾബലം കുറഞ്ഞവരും സമൂഹത്തിൽ സ്വാധീനവും പ്രമാണിത്തവുമില്ലാത്തവരുമായിരുന്നു. ശത്രുക്കളുടെ ആക്രമണ ഭീഷണിപോലുള്ള പ്രതിസന്ധികളുണ്ടാകുമ്പോൾ പ്രവാചകൻ സ്വാഭാവികമായി ആഗ്രഹിച്ചിരുന്നു, അങ്ങുമിങ്ങുമല്ലാതെ നിൽക്കുന്ന ധനികന്മാരും പ്രമാണിമാരുമായ ഇക്കൂട്ടർ ഇസ്ലാമിനെ ആത്മാർഥമായി ഉൾക്കൊണ്ടിരുന്നുവെങ്കിൽ എന്ന്. എങ്കിൽ അവരുടെ സമ്പത്തും സ്വാധീനവുമൊക്കെ ഇസ്ലാമിക സമൂഹത്തിന്റെ പൊതുക്ഷേമത്തിനും ഇസ്ലാമിനെ കൂടുതൽ വിപുലമായി പ്രബോധനം ചെയ്യാനും അതിന്റെ ശത്രുക്കളെ നേരിടാനും പ്രയോജനപ്പെടുത്താമായിരുന്നു.

അതേക്കുറിച്ച് അല്ലാഹു പറയുകയാണ്: കപടന്മാരുടെ സമ്പൽസമൃദ്ധിയിലും സന്തതീബലത്തിലും വിശ്വാസികൾ ആകൃഷ്ടരാകേണ്ടതില്ല. അതുകൊണ്ടൊക്കെ അവർ നിങ്ങളെ ജയിച്ചുകളയുമെന്ന് ഭയപ്പെടുകയും വേണ്ട. സമ്പത്തും സന്താനങ്ങളും ആളുകൾക്ക് ഗുണകരമായിത്തീരുന്നത് അവരത് ധാർമികമായി കൈകാര്യം ചെയ്യുമ്പോഴാണ്. സമ്പത്ത് ന്യായമായ മാർഗത്തിലൂടെ സമ്പാദിക്കുകയും ദൈവികമാർഗത്തിൽ ഉപയോഗപ്പെടുത്തുകയും, സന്തതികളെ സംസ്കാരവും ദൈവബോധവുമുള്ളവരാക്കി വളർത്തി, ധാർമികജീവിതത്തിലും ദീനീസേവനത്തിലും ഏർപ്പെടുത്തുകയും ചെയ്യുമ്പോൾ അതെല്ലാം മഹത്തായ ദൈവാനുഗ്രഹങ്ങളാകുന്നു. ധർമത്തിലും സത്യദൈവത്തിലും വിശ്വാസമില്ലാത്തവർക്ക് ഇതൊന്നും സാധ്യമല്ല. സത്യനിഷേധികളുടെ മറ്റു ഗുണങ്ങളെന്നപോലെ ഈ ഗുണങ്ങളും അവർക്ക് വിനയായേ ഭവിക്കൂ; ഈ ലോകത്തും പരലോകത്തും. إِنَّمَا يُرِيدُ ٱللَّهُ لِيُعَذِّبَهُم بِهَا فِى ٱلْحَيَوٰةِ ٱلدُّنْيَا (ഈ ജീവിതത്തിൽ അവരെ ശിക്ഷിക്കാൻ തന്നെയാണ് അല്ലാഹു ഉദ്ദേശിക്കുന്നത്) എന്നു പറഞ്ഞത് അല്ലാഹുവിന്റെ നടപടിക്രമത്തെ -سنة- സൂചിപ്പിച്ചുകൊണ്ടാണ്. അതായത് അല്ലാഹുവിൽനിന്ന് സമ്പൽസമൃദ്ധിയും സന്താനസൗഭാഗ്യവും ലഭിച്ചവർ അല്ലാഹുവിനെ നിഷേധിക്കുകയും അവന്റെ അനുഗ്രഹങ്ങളെ അവന്റെ ശാസനകൾക്കെതിരായി ഉപയോഗിക്കുകയും ചെയ്യുകയാണെങ്കിൽ ആ അനുഗ്രഹങ്ങൾ ഈ ലോകത്തുതന്നെ അവർക്ക് ശിക്ഷയായി മാറുക എന്നതാണ് പ്രകൃതി നിയമം-سنّة الله. ധനാർഥി കൊണ്ടും നേടിയ ധനം നഷ്ടപ്പെടുമോ എന്ന ഭയത്താലും ജീവിതത്തിന്റെ സമാധാനം നഷ്ടപ്പെടുക, മറ്റുള്ളവരുടെ സമ്പന്നതയിലുള്ള അസൂയ, ധനസമൃദ്ധിയെ നിഷ്പ്രഭമാക്കുന്ന അനാരോഗ്യം, താനാഗ്രഹിച്ച വിധം മക്കൾ ഉയർന്നില്ലല്ലോ എന്ന ദുഃഖം, താൻ അധ്വാനിച്ചു നേടിയതെല്ലാം മക്കൾ ധൂർത്തടിച്ചു നശിപ്പിക്കുന്നതിലുള്ള വേദന, മക്കളിൽനിന്ന് നേരിടേണ്ടിവരുന്ന പീഡനം..... മുതലും മക്കളും ശിക്ഷയായി മാറുന്നതിന് ഇങ്ങനെ നിരവധി രൂപങ്ങളുണ്ട്.

ഈ വാക്യത്തെ അവതരണ പശ്ചാത്തലവുമായി ബന്ധിപ്പിച്ചുകൊണ്ട് പണ്ഡിതന്മാർ ഇങ്ങനെയും വ്യാഖ്യാനിച്ചിട്ടുണ്ട്: തബൂക്കിലേക്കുള്ള സമരയാത്രയിൽ ചേരാനും യുദ്ധഫണ്ടിലേക്ക് സംഭാവന ചെയ്യാനും വിസമ്മതിക്കുന്ന ഇക്കൂട്ടരുടെ മുതലും മക്കളുമൊക്കെ അടുത്ത ഭാവിയിൽ അവർക്ക് ആപത്തായിത്തീരാൻ പോവുകയാണ്. അറേബ്യൻ ഉപദ്വീപിൽ ഇസ്ലാമിന്റെ വിജയം ഇതാ സമ്പൂർണമാവുകയാണ്. അതു കഴിഞ്ഞാൽ സത്യനിഷേധികൾക്കും കപടന്മാർക്കും ഈ ദേശത്ത് യാതൊരു മാന്യതയും പ്രമാണിത്തവുമുണ്ടായിരിക്കുകയില്ല. അക്കൂട്ടർ ഇന്ന് നിന്ദിച്ചുകൊണ്ടിരിക്കുന്ന പാവങ്ങളുടെയൊക്കെ താഴെയായിത്തീരും അവരുടെ സ്ഥാനം. തങ്ങളുടെ സമ്പൽസമൃദ്ധിയും സന്താനബലവും ദൈവികദീനിന് ആവശ്യമായ ഘട്ടത്തിൽ ഉപകാരപ്പെടുത്തിയില്ല എന്നതാണതിനു കാരണം. വഞ്ചനയിലൂടെയും ചൂഷണത്തിലൂടെയും അവർ കൂട്ടിവെച്ചതൊക്കെയും പിടിച്ചെടുക്കപ്പെടും. അവരുടെ സന്തതികളാവട്ടെ, ഇന്നല്ലെങ്കിൽ നാളെ ഈ ദീനിൽ ചേരുകയും ഇതിന്റെ കാവൽഭടന്മാരായി മാറുകയും ചെയ്യും. അങ്ങനെ സ്വന്തം മക്കൾ അവരുടെ ശത്രുക്കളായിത്തീരുന്നു. ഇന്ന് സമ്പത്തിലും സന്തതികളിലും ഗർവിഷ്ഠരായി വാഴുന്നവർക്ക് നാളെ ഇതൊരു കൊടിയ ശിക്ഷതന്നെയായിരിക്കും.

زهق-യുടെ ഭാഷാർഥം അപ്രത്യക്ഷമായി, നശിച്ചു എന്നാണ്. زهقയെ نفسമായി ബന്ധിപ്പിക്കുമ്പോൾ മരണത്തെ സൂചിപ്പിക്കുന്നു. زهقت نفسه എന്നാൽ അയാളുടെ ജീവൻ പുറത്തുകടന്നു, മരിച്ചു എന്നർഥം. ഭൗതികജീവിതത്തിലെ പീഡകൾ കൊണ്ട് അവരുടെ ശിക്ഷ തീരുന്നതല്ല. പരലോകത്തിലും അവർക്കുള്ളത് ശിക്ഷ തന്നെയാണ് എന്നാണിവിടെ പറയുന്നത്. ഈ ആശയം പ്രകാശിപ്പിക്കുന്നതിനുവേണ്ടിയാവാം ويموتون (അവർ മരിച്ചുപോകുന്നു) എന്ന സാധാരണ വാക്കിനു പകരം വിനാശത്തിന്റെ അർഥവും കൂടിയുൾക്കൊള്ളുന്ന وَتَزْهَقَ أَنفُسُهُمْ എന്ന പ്രയോഗം സ്വീകരിച്ചത്.

**56,57:** حلفയുടെ വർത്തമാന ബഹുവചനമാണ് يَحْلِفُونَ. സത്യം/പ്രതിജ്ഞ ചെയ്തു എന്നാണ് حلفയുടെ അർഥം. ആപത്ഘട്ടങ്ങളിൽ പരസ്പരം സഹായിക്കുമെന്ന് രണ്ട് ഗോത്രങ്ങൾ പ്രതിജ്ഞയെടുക്കുന്നതിനാണ് حلف സാധാരണ ഉപയോഗിച്ചിരുന്നത്. പ്രതിജ്ഞയിലെ ഒരു കക്ഷിക്ക് حليف എന്നു പറയും. പിൽക്കാലത്ത് എല്ലാ സത്യങ്ങളെയും പ്രതിജ്ഞകളെയും സൂചിപ്പിക്കുന്ന പദമായി ഇത് ഉപയോഗിക്കപ്പെട്ടു. فرقയുടെ വർത്തമാന രൂപമായ يفرق -ന്റെ ബഹുവചനമാണ് يَفْرَقُونَ. ഭയാധിക്യത്താൽ മനസ്സ് ശിഥിലമായ അവസ്ഥയെ فروقة എന്നു പറയുന്നു. يَحْلِفُونَ - يَفْرَقُونَ എന്നീ പദങ്ങൾ വർത്തമാന ക്രിയാ രൂപത്തിൽ ഉപയോഗിച്ചത്, ഈ രണ്ട് കാര്യങ്ങളും അവരുടെ സ്ഥിരം സ്വഭാവമാണെന്ന് കുറിക്കാനാണ്. غار (ഗുഹ)ന്റെ മറ്റൊരു രൂപ

മായ مغارة -ന്റെ ബഹുവചനമാണ് مغارات. മനുഷ്യർക്ക് കടന്നിരിക്കാൻ വേണ്ടത്ര വിശാലതയുള്ള ഗുഹക്കാണ് مغارة എന്ന് പറയുക. مُدَّخَلًا -ന്റെ ഉത്ഭവം دخل(പ്രവേശിച്ചു)യിൽനിന്നാണ്. دخلയെ افتعل രൂപത്തിൽ വാർത്ത് ت ഇനെ د ആക്കി മാറ്റി തൊട്ടടുത്ത د ൽ ലയിപ്പിച്ചപ്പോൾ ادّخل യായി. അതിൽനിന്നുള്ള സ്ഥലസൂചക പദമാണ് مدّخل. കടന്ന് ഇരിക്കുന്ന സ്ഥലം എന്നർഥം. നിയന്ത്രണം വിട്ടോടുക എന്നർഥമുള്ള جموح -ൽനിന്നുള്ള ക്രിയയാണ് يَجْمَحُونَ. കുതിര സവാരിക്കാരന്റെ നിയന്ത്രണത്തിന് വഴങ്ങാതെ കുതിച്ചോടുന്നതിന് جموح الفرس എന്നു പറയുന്നു.

സൂക്തങ്ങളുടെ താൽപര്യമിതാണ്: ഈ കപടന്മാർ തങ്ങൾ വിശ്വാസികളോടൊപ്പമാണെന്ന് അല്ലാഹുവിനെ പിടിച്ച് ആണയിട്ടു പറഞ്ഞുകൊണ്ടിരിക്കും. മനസ്സിലെ വിശ്വാസശൂന്യതയെ വ്യാജ സത്യം കൊണ്ട് പരിഹരിക്കാൻ ശ്രമിക്കുകയാണവർ. മനസ്സ് വിശ്വാസത്തിൽനിന്ന് എത്രത്തോളം അകലെയാണോ അത്രത്തോളം അവർ സത്യംചെയ്യൽ വർധിപ്പിക്കുന്നു. പക്ഷേ എത്ര തന്നെ സത്യംചെയ്താലും അവരൊരിക്കലും വിശ്വാസികളുടെ കൂട്ടത്തിലാകുന്നില്ല. വിശ്വാസമല്ല, ഭയമാണ് അവരെ നിങ്ങളോടൊപ്പം നിൽക്കാൻ നിർബന്ധിക്കുന്നത്. ഇസ്‌ലാം വിജയിച്ചാൽ തങ്ങൾ ഒറ്റപ്പെട്ടേക്കുമെന്ന ഭയം. കൂടാതെ ഇസ്‌ലാമിനെ തകർക്കാനുള്ള പ്രവർത്തനങ്ങളിലേർപ്പെട്ടാൽ കടുത്ത ശിക്ഷ കിട്ടുമെന്ന ഖുർആന്റെ ഭീഷണിയിലുള്ള ഭയവും. സൂറ *അൽഅഹ്സാബ്* 60-ാം സൂക്തത്തിൽ പറയുന്നു: “കപടവിശ്വാസികളും മനസ്സിൽ ദീനമുള്ളവരും, മദീനയിൽ ഭീതിജനകമായ വാർത്തകൾ പ്രചരിപ്പിക്കുന്നവരും അവരുടെ ചെയ്തികളിൽനിന്ന് വിരമിക്കുന്നില്ലെങ്കിൽ അവർക്കെതിരെ നടപടിയെടുക്കാൻ നാം നിന്നെ എഴുന്നേൽപിക്കുന്നതാകുന്നു. പിന്നെ വളരെ കുറച്ചേ അവർക്ക് നിന്നോടൊപ്പം ഈ പട്ടണത്തിൽ വസിക്കാനൊക്കൂ.” മദീന വിട്ടാൽ അവരുടെ താൽപര്യങ്ങളെല്ലാം ഹനിക്കപ്പെടും. അതുകൊണ്ടാണവർ നിങ്ങളോടൊപ്പം ജീവിക്കുന്നത്. അല്ലാതെ ഇസ്‌ലാമിലുള്ള വിശ്വാസം കൊണ്ടോ മുസ്‌ലിംകളോടുള്ള കൂറുകൊണ്ടോ അല്ല. തങ്ങളുടെ താൽപര്യങ്ങൾ സംരക്ഷിക്കാൻ പറ്റുന്ന ഒരഭയസ്ഥാനം കണ്ടെത്തിയിരുന്നുവെങ്കിൽ അവർ നിസ്സങ്കോചം അങ്ങോട്ടു കുടിയേറുമായിരുന്നു. സൈനികസേവനം ആവശ്യമാകുമ്പോൾ അതിൽനിന്ന് ഒളിച്ചോടി ചെന്നിരിക്കാൻ വല്ല ഗുഹകളോ മറ്റൊളിയിടങ്ങളോ കാണുകയാണെങ്കിൽ, അത്തരം സന്ദർഭങ്ങളിൽ കടിഞ്ഞാണറ്റ കുതിരയെപ്പോലെ അവരങ്ങോട്ട് കുതിക്കുമായിരുന്നു. അറേബ്യ ഏതാണ്ട് പൂർണമായും ഇസ്‌ലാമിനെ അംഗീകരിച്ചിരിക്കുന്നു. അനതിവിദൂരമായ ഭാവിയിൽ അയൽപ്രദേശങ്ങളിലേക്കും അത് വ്യാപിക്കുമെന്ന് അവർ ഭയപ്പെടുന്നു. പിന്നെ എങ്ങോട്ടാണവർ കുടിയേറുക? സൈനികസേവനത്തിൽനിന്ന് രക്ഷപ്പെടാനായി ഒളിച്ചിരിക്കാൻ പറ്റിയ സ്ഥലങ്ങളും അവർ കാണുന്നില്ല. ഇതാണ് അവരെ നിങ്ങളോടൊപ്പം ജീവിക്കാൻ നിർബന്ധിക്കുന്ന സാഹചര്യം.

**58:** കപടവിശ്വാസികളുടെ മറ്റൊരു ദൗഷ്ട്യത്തിലേക്കാണ് ഈ സൂക്തം വെളിച്ചം വീശുന്നത്. അവരുടെ നിരങ്കുശമായ ആർത്തിയും ലുബ്ധുമാണത്. ആഗ്രഹിക്കുന്ന തരത്തിലുള്ള പരിഗണനയും ആനുകൂല്യങ്ങളും ലഭിച്ചുകൊണ്ടിരിക്കുമ്പോൾ അവർ ദീനിലും സമുദായത്തിലും അതിന്റെ സംവിധാനങ്ങളിലുമൊക്കെ സന്തുഷ്ടരായിരിക്കും. ഇതൊന്നും ആഗ്രഹിക്കുന്നത്ര കിട്ടാതായാൽ കോപിഷ്ഠരാവുകയായി. പിന്നെ ആക്ഷേപവും വിമർശനവുമായി. ഇത്തരം ആളുകൾ എന്നുമുണ്ടായിരിക്കും. പ്രവാചകന്റെ കാലത്തെ കപടവിശ്വാസികൾ സകാത്ത് ഫണ്ടിന്റെ ഗണ്യമായ ഭാഗം തങ്ങൾക്ക് കിട്ടണമെന്ന് ആഗ്രഹിച്ചു. ഒരു നിവേദനത്തിൽ ഇങ്ങനെ കാണാം: “ഒരിക്കൽ പാവങ്ങളായ കുറെ ഗ്രാമീണ ഇടയന്മാർ നബി(സ)യുടെ അടുത്തുവന്നു. നബി അവർക്ക് സകാത്ത് മുതലിൽനിന്ന് കുറെ കൊടുത്തു. ഇതു കണ്ട് കപടവിശ്വാസികളിൽ പെട്ട ജവ്വാള് എന്നയാൾ പറഞ്ഞു: ഇതന്യായമാണ്. ദരിദ്ര്യർക്കും അഗതികൾക്കും (فقراء-مساكين) വിതരണം ചെയ്യാൻ കൽപിച്ച നമ്മുടെ സകാത്ത് മുതൽ ആട്ടിടയന്മാർക്ക് കൊടുക്കുകയോ?” മറ്റൊരു നിവേദനത്തിൽ പറയുന്നു: “ദിൽഖുവൈസിറ എന്ന മുനാഫിഖിനെ കുറിച്ചാണ് ഈ സൂക്തം. യമനിൽനിന്നെത്തിയ സ്വർണം വിതരണം ചെയ്തുകൊണ്ടിരിക്കുമ്പോൾ അയാൾ പ്രവാചകനോട് പറഞ്ഞു: നീ നീതി പാലിക്കണം.”

يلمزك എന്ന വാക്കിനെയാണ് ‘നിന്നെ വിമർശിക്കുന്നു’ എന്ന് തർജമ ചെയ്തിരിക്കുന്നത്. നേർക്കുനേരെയുള്ള വിമർശനത്തിനു പുറമെ വ്യംഗ്യഭാഷയിൽ ആക്ഷേപിക്കുക, കുത്തിപ്പറയുക, മുനവെച്ചു സംസാരിക്കുക തുടങ്ങിയ വിമർശനരൂപങ്ങളെയും കൂടി ഉൾക്കൊള്ളുന്നതാണ് ഈ വാക്ക്. صدقة (ദാനം, ധർമം)യുടെ ബഹുവചനമാണ് صدقات. സകാത്തിന്റെ പര്യായമായും ഖുർആൻ പലപ്പോഴും ഈ പദം ഉപയോഗിക്കുന്നു. ഭാഷാർഥത്തിൽ നിർബന്ധവും അല്ലാത്തതുമായ എല്ലാ ധർമങ്ങളും صدقة ആകുന്നു.

**59:** യഥാർഥ സത്യവിശ്വാസികൾ ചെയ്യേണ്ടത് അല്ലാഹുവും റസൂലും നൽകുന്നതെന്താണോ അത് - مَآ ءَاتَىٰهُمُ ٱللَّهُ وَرَسُولُهُۥ - സസന്തോഷം സ്വീകരിക്കുകയാണ്. ഇവിടെ പ്രത്യക്ഷാൽ നൽകുന്നത് പ്രവാചകനാണ്. പക്ഷേ പ്രവാചകനെ പരാമർശിക്കുന്നതിനു മുമ്പ് അല്ലാഹുവിനെ പരാമർശിച്ചത് ശ്രദ്ധേയമാണ്. അതിന്റെ ധ്വനിയിതാണ്: പ്രവാചകൻ നൽകുന്നത് യഥാർഥത്തിൽ അല്ലാഹു നൽകുന്നതാണ്. അല്ലാഹുവിന്റെ കൽപന നടപ്പിലാക്കുകയാണ് പ്രവാചകൻ ചെയ്യുന്നത്. അദ്ദേഹം തന്നിഷ്ടപ്രകാരം പ്രവർത്തിക്കുകയല്ല. അദ്ദേഹത്തിന്റെ നടപടിയെ വിമർശിക്കുന്നവർ അല്ലാഹുവിനെയാണ് വിമർശിക്കുന്നത്.

വിശ്വാസികളുടെ ഏറ്റം അമൂല്യമായ നേട്ടം അല്ലാഹുവിന്റെ പ്രീതിയാണ്. അല്ലാഹു അവർക്ക് നൽകാനുദ്ദേശിച്ചതാണ് പ്രവാചകനിലൂടെ അവർക്ക് ലഭിച്ചിരിക്കുന്നത്. ആ ലാഭത്തിന്റെ ഭൗതിക മൂല്യത്തേക്കാൾ എത്രയോ ഉന്നതമാണ് അല്ലാഹുവിന്റെ പ്രീതി. حَسْبُنَا ٱللَّهُ (ഞങ്ങൾക്ക് അല്ലാഹു മതി) എന്നു പറഞ്ഞതിനർഥം, അല്ലാഹുവിന്റെ പ്രീതി മതി, അവൻ നൽകിയതിൽ ഞങ്ങൾ സംതൃപ്തരാകുന്നു എന്നാണ്. ഇപ്പോൾ അവൻ നൽകിയിട്ടുള്ളത് കുറച്ചാണെങ്കിലും ഞങ്ങൾക്കൊരു പരാതിയുമില്ല. അവന്റെ അനുഗ്രഹം ഇനിയും ഞങ്ങളിൽ ചൊരിഞ്ഞുകൊണ്ടിരിക്കുമെന്ന് ഞങ്ങൾക്ക് ശുഭപ്രതീക്ഷയുണ്ട്. അവനിൽ മാത്രമാണ് ഞങ്ങൾ ആശയർപ്പിച്ചിട്ടുള്ളത്. ഇവിടെ سَيُؤْتِينَا ٱللَّهُ مِن فَضْلِهِۦ وَرَسُولُهُۥٓ എന്ന വാക്യത്തിനർഥം, ‘അല്ലാഹു അവന്റെ അനുഗ്രഹത്തിൽനിന്നും പ്രവാചകൻ അദ്ദേഹത്തിന്റെ അനുഗ്രഹത്തിൽനിന്നും ഞങ്ങൾക്ക് തന്നുകൊണ്ടിരിക്കും’ എന്നല്ല. ‘അല്ലാഹു ഞങ്ങൾക്ക് നിശ്ചയിച്ച വിഹിതങ്ങൾ പ്രവാചകൻ നൽകിക്കൊണ്ടിരിക്കും’ എന്നാണ്. ചില പണ്ഡിതന്മാർ وَرَسُولُهُۥٓ എന്ന വാക്കിന് ‘പ്രവാചകനും ഞങ്ങളോട് ഔദാര്യമുള്ളവനായിരിക്കും’ എന്നും അർഥം കൽപിച്ചിട്ടുണ്ട്. അതായത്, അല്ലാഹു ഞങ്ങൾക്കരുളിയ അനുഗ്രഹങ്ങളൊന്നും തടയുകയോ പൂഴ്ത്തിവെക്കുകയോ ചെയ്യാൻ ഞങ്ങളോടുള്ള കാരുണ്യവും സ്നേഹവും ദൈവദൂതനെ അനുവദിക്കുകയില്ല. ■